# Std. 4 - Chapter 15 - Revision - Main points

## പാഠം 15 — പ്രാർത്ഥന ദൈവവുമായുള്ള സംഭാഷണം

| | ചോദ്യം | ഉത്തരം |
|---|---|---|
| 1 | **1. പ്രാർത്ഥനയെന്നാൽ എന്ത്?** | ദൈവവുമായി നടത്തുന്ന സ്നേഹസംഭാഷണമാണ് പ്രാർത്ഥന. |
| 2 | ആരാണ് ശിഷ്യന്മാരെ പ്രാർത്ഥിക്കാൻ പഠിപ്പിച്ചത്? | ഈശോയാണ് ശിഷ്യന്മാരെ പ്രാർത്ഥിക്കാൻ പഠിപ്പിച്ചത്. |
| 3 | ശിഷ്യന്മാർ ഈശോയോട് എന്താണ് ആവശ്യപ്പെട്ടത്? | "കർത്താവേ, യോഹന്നാൻ തന്റെ ശിഷ്യന്മാരെ പ്രാർത്ഥിപ്പിക്കാൻ പഠിപ്പിച്ചതുപോലെ ഞങ്ങളെയും പ്രാർത്ഥിക്കാൻ പഠിപ്പിക്കണമേ" എന്ന് ശിഷ്യന്മാർ ഈശോയോട് ആവശ്യപ്പെട്ടു. |
| 4 | ഈശോ ശിഷ്യന്മാരെ പഠിപ്പിച്ച പ്രധാന പ്രാർത്ഥന ഏതാണ്? | "സ്വർഗസ്ഥനായ പിതാവേ" എന്ന പ്രാർത്ഥനയാണ് ഈശോ ശിഷ്യന്മാരെ പഠിപ്പിച്ചത്. |
| 5 | എങ്ങനെയാണ് പ്രാർത്ഥിക്കേണ്ടതെന്നും എന്തെല്ലാം കാര്യങ്ങൾ പ്രാർത്ഥിക്കണമെന്നും ഈശോ പഠിപ്പിച്ചത് എവിടെയാണ് കാണുന്നത്? | വിശുദ്ധ മത്തായിയുടെ സുവിശേഷം 6:5–15ൽ കാണുന്നു. |
| 6 | ഈശോ എപ്പോൾ പ്രാർത്ഥിച്ചിരുന്നു? | സിനഗോഗുകളിലും മരുഭൂമിയിലും മലമുകളിലും ഗദ്സെമനിലും മറ്റും ഈശോ പ്രാർത്ഥിച്ചിരുന്നു. |
| 7 | പ്രാർത്ഥനയിലൂടെ നാം ആരോടാണ് സംസാരിക്കുന്നത്? | പ്രാർത്ഥനയിലൂടെ നാം ദൈവത്തോടാണ് സംസാരിക്കുന്നത്. |
| 8 | പ്രാർത്ഥനയിൽ ദൈവത്തിന്റെ മഹത്വം ഓർത്ത് നാം എന്താണ് ചെയ്യുന്നത്? | ദൈവത്തെ സ്തുതിക്കുകയും ആരാധിക്കുകയും ചെയ്യുന്നു. |
| 9 | ദൈവത്തിൽനിന്ന് അനുഗ്രഹങ്ങൾ ലഭിക്കുമ്പോൾ നാം എന്താണ് ചെയ്യുന്നത്? | ദൈവത്തോട് നന്ദി പറയുന്നു. |
| 10 | നമ്മുടെ ജീവിതത്തിൽ തെറ്റുകൾ സംഭവിക്കുമ്പോൾ നാം എന്താണ് ചെയ്യുന്നത്? | ദൈവത്തോട് മാപ്പപേക്ഷിക്കുന്നു. |
| 11 | പ്രാർത്ഥനയിൽ നാം ദൈവത്തോട് എന്തെല്ലാം കാര്യങ്ങൾ പറയാം? | നമ്മുടെ ആവശ്യങ്ങൾ ദൈവത്തോട് പറയാം. |
| 12 | **2. പ്രാർത്ഥനയുടെ വിവിധ ഘടകങ്ങൾ ഏതെല്ലാം?** | ആരാധന, സ്തുതി, കൃതജ്ഞത, യാചന, മാധ്യസ്ഥം എന്നിവയാണ് പ്രാർത്ഥനയുടെ വിവിധ ഘടകങ്ങൾ. |
| 13 | ആരാധനാപ്രാർത്ഥന എന്നാലെന്ത്? | ദൈവം നമ്മുടെ സർവസ്വമാണെന്നും അവിടുത്തെ കൂടാതെ നാം ഒന്നുമല്ലെന്നും അംഗീകരിച്ച്, സ്നേഹനിധിയായ ദൈവത്തോടുള്ള പരമമായ ആദരവ് പ്രകടിപ്പിക്കുന്ന പ്രാർത്ഥനയാണ് ആരാധനാപ്രാർത്ഥന. |
| 14 | സ്തുതിപ്രാർത്ഥന എന്നാലെന്ത്? | ദൈവത്തിന്റെ മഹത്വപൂർണ്ണമായ പ്രവർത്തനങ്ങളും സൃഷ്ടിപ്രപഞ്ചത്തിലെ മഹിമയാർന്ന നന്മകളും കണ്ട് ദൈവത്തെ മഹത്വപ്പെടുത്തുന്നതാണ് സ്തുതിപ്രാർത്ഥന. |
| 15 | കൃതജ്ഞതാപ്രാർത്ഥന എന്നാലെന്ത്? | ദൈവം നമുക്കും നമ്മുടെ കുടുംബങ്ങൾക്കും സമൂഹത്തിനും നൽകിയിട്ടുള്ളതും നൽകുന്നതുമായ അനുഗ്രഹങ്ങളും നന്മകളും ഓർത്ത് ദൈവത്തോട് നന്ദി പറയുന്ന പ്രാർത്ഥനയാണ് കൃതജ്ഞതാപ്രാർത്ഥന. |

| | ചോദ്യം | ഉത്തരം |
|---|---|---|
| 16 | യാചനാപ്രാർത്ഥന എന്നാലെന്ത്? | സർവനന്മസ്വരൂപനായ ദൈവത്തോട് നമുക്ക് ആവശ്യമായ നന്മകളും അനുഗ്രഹങ്ങളും ചോദിക്കുകയും നമ്മുടെ പാപങ്ങൾക്ക് മാപ്പപേക്ഷിക്കുകയും ചെയ്യുന്ന പ്രാർത്ഥനയാണ് യാചനാപ്രാർത്ഥന. |
| 17 | മാധ്യസ്ഥപ്രാർത്ഥന എന്നാലെന്ത്? | ഒരാൾക്കോ ഒരു സമൂഹത്തിനോ മറ്റൊരാൾക്കോ മറ്റൊരു സമൂഹത്തിനോ വേണ്ടി ദൈവസന്നിധിയിൽ പ്രാർത്ഥിക്കുന്നതാണ് മാധ്യസ്ഥപ്രാർത്ഥന. |
| 18 | നാം ആരുടെയെല്ലാം പ്രാർത്ഥനാസഹായം തേടാറുണ്ട്? | പരിശുദ്ധ മാതാവിന്റെയും വിശുദ്ധ യൗസേപ്പിതാവിന്റെയും വിശുദ്ധ തോമാശ്ലീഹായുടെയും മറ്റുവിശുദ്ധരുടെയും പ്രാർത്ഥനാസഹായം നാം തേടാറുണ്ട്. |
| 19 | മറ്റുള്ളവർക്കുവേണ്ടി നാം എങ്ങനെയാണ് പ്രാർത്ഥിക്കേണ്ടത്? | മാതാപിതാക്കൾക്കും സഹോദരീസഹോദരന്മാർക്കും സുഹൃത്തുക്കൾക്കും പ്രത്യേകമായി മറ്റുള്ളവർക്കുവേണ്ടിയും നാം പ്രാർത്ഥിക്കണം. |
| 20 | സമൂഹപ്രാർത്ഥനയെന്നും വ്യക്തിപരമായ പ്രാർത്ഥനയെന്നും പറയുന്നത് എന്താണ്? | പ്രാർത്ഥനയെ സമൂഹപ്രാർത്ഥനയെന്നും വ്യക്തിപരമായ പ്രാർത്ഥനയെന്നും രണ്ടായി തിരിച്ചിരിക്കുന്നു. |
| 21 | സമൂഹപ്രാർത്ഥന എന്നാലെന്ത്? | ഒന്നിലധികം പേർ ഒന്നുചേർന്ന് പ്രാർത്ഥിക്കുന്നതാണ് സമൂഹപ്രാർത്ഥന. |
| 22 | സമൂഹപ്രാർത്ഥനകളിൽ പ്രത്യേക പ്രാധാന്യമുള്ളവ ഏതെല്ലാമാണ്? | വിശുദ്ധ കുർബാനയും യാമപ്രാർത്ഥനകളും പ്രത്യേക പ്രാധാന്യമുള്ള സമൂഹപ്രാർത്ഥനകളാണ്. |
| 23 | എന്തുകൊണ്ടാണ് വിശുദ്ധ കുർബാന ഏറ്റവും ശ്രേഷ്ഠമായ പ്രാർത്ഥനയായിരിക്കുന്നത്? | പ്രാർത്ഥനയുടെ എല്ലാ ഘടകങ്ങളും ഉൾക്കൊള്ളുന്ന പ്രാർത്ഥനയായതിനാലാണ് വിശുദ്ധ കുർബാന ഏറ്റവും ശ്രേഷ്ഠമായ പ്രാർത്ഥനയായിരിക്കുന്നത്. |
| 24 | നമ്മുടെ ഭവനങ്ങളിൽ നടത്തുന്ന ഏതെല്ലാം പ്രാർത്ഥനകൾ സമൂഹപ്രാർത്ഥനകളാണ്? | പ്രഭാതസന്ധ്യാവേളകളിൽ നടത്തുന്ന കുടുംബപ്രാർത്ഥനയും കുടുംബകൂട്ടായ്മാ പ്രാർത്ഥനയും സമൂഹപ്രാർത്ഥനകളാണ്. |
| 25 | സമൂഹപ്രാർത്ഥനയിലൂടെ നാം എന്തെല്ലാം ചെയ്യുന്നു? | ഒരു സമൂഹമെന്ന നിലയിൽ ദൈവത്തെ ആരാധിക്കുകയും സ്തുതിക്കുകയും നന്ദി പറയുകയും മാപ്പപേക്ഷിക്കുകയും അനുഗ്രഹങ്ങൾ യാചിക്കുകയും ചെയ്യുന്നു. |
| 26 | വ്യക്തിപരമായ പ്രാർത്ഥന എന്നാലെന്ത്? | ദൈവസന്നിധിയിൽ ഒരാൾ ഒറ്റയ്ക്ക് നടത്തുന്ന പ്രാർത്ഥനയാണ് വ്യക്തിപരമായ പ്രാർത്ഥന. |
| 27 | എപ്പോഴെല്ലാം നമുക്ക് വ്യക്തിപരമായി പ്രാർത്ഥിക്കാം? | രാവിലെ ഉണരുമ്പോഴും രാത്രി കിടക്കാൻ പോകുമ്പോഴും നമുക്ക് വ്യക്തിപരമായി പ്രാർത്ഥിക്കാം. |
| 28 | നമ്മുടെ ജീവിതത്തിലെ ഏതെല്ലാം സാഹചര്യങ്ങളിൽ വ്യക്തിപരമായി ദൈവത്തോട് പ്രാർത്ഥിക്കാം? | സന്തോഷങ്ങളിലും വേദനകളിലും ക്ലേശങ്ങളിലും ബുദ്ധിമുട്ടുകളിലും ആവശ്യങ്ങളിലും നമുക്ക് ദൈവത്തോട് വ്യക്തിപരമായി പ്രാർത്ഥിക്കാം. |
| 29 | പ്രാർത്ഥനയുടെ ഫലങ്ങൾ എന്തെല്ലാമാണ്? | പ്രാർത്ഥനയിലൂടെ നമുക്ക് ദൈവികശക്തിയും അനുഗ്രഹവും ലഭിക്കുന്നു. |

| | ചോദ്യം | ഉത്തരം |
|---|---|---|
| 30 | **3. പ്രാർത്ഥനയുടെ ഫലങ്ങൾ എന്തെല്ലാം?** | **പ്രാർത്ഥനയിലൂടെ നമുക്ക് ദൈവികശക്തിയും അനുഗ്രഹവും ലഭിക്കുന്നു. ദൈവകൃപ നമ്മെ നന്മ ചെയ്യാനും പ്രലോഭനങ്ങളെ അതിജീവിക്കാനും ശക്തരാക്കുന്നു. ഈശോയ്ക്ക് പ്രീതികരമായ ക്രൈസ്തവജീവിതം നയിക്കാനും പ്രാർത്ഥന നമ്മെ സഹായിക്കുന്നു.** |
| 31 | പ്രാർത്ഥനയുടെ ഫലത്തെക്കുറിച്ച് ഈശോ എന്താണ് അരുളിച്ചെയ്തത്? | **"ചോദിക്കുവിൻ, നിങ്ങൾക്കു ലഭിക്കും; അന്വേഷിക്കുവിൻ, നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ, നിങ്ങൾക്കു തുറന്നുകിട്ടും" എന്ന് ഈശോ അരുളിച്ചെയ്തു. (ലൂക്കാ 11:10)** |
| 32 | തന്റെ പിതാവ് ചോദിക്കുന്നവർക്ക് എന്താണ് നൽകുന്നതെന്ന് ഈശോ പറഞ്ഞത്? | **തന്റെ പിതാവ് ചോദിക്കുന്നവർക്ക് പരിശുദ്ധാത്മാവിനെ നൽകുമെന്ന് ഈശോ അരുളിച്ചെയ്തു. (ലൂക്കാ 11:13)** |
| 33 | **4. പ്രാർത്ഥനയിലൂടെ നമുക്ക് ലഭിക്കുന്ന ദൈവകൃപ നമ്മെ എന്തിനെല്ലാം സഹായിക്കുന്നു?** | **ദൈവകൃപ നമ്മെ നന്മ ചെയ്യാനും പ്രലോഭനങ്ങളെ അതിജീവിക്കാനും ശക്തരാക്കിത്തീർക്കുന്നു. യഥാർത്ഥ ക്രൈസ്തവ ജീവിതം നയിക്കാനും ഈശോയ്ക്ക് പ്രീതികരമായ ജീവിതം നയിക്കാനും അത് നമ്മെ സഹായിക്കുന്നു.** |
| 34 | ക്രൈസ്തവജീവിതം നയിക്കാൻ നമുക്ക് എന്ത് ആവശ്യമാണ്? | **യഥാർത്ഥ ക്രൈസ്തവജീവിതം നയിക്കാൻ വളരെയേറെ ശക്തി ആവശ്യമാണ്.** |
| 35 | പ്രാർത്ഥനയിലൂടെ ശക്തി നേടി നാം എന്തിനാണ് ശ്രമിക്കേണ്ടത്? | **ഈശോയ്ക്ക് പ്രീതികരമായ ജീവിതം നയിക്കാൻ നാം ശ്രമിക്കണം.** |
| **B.** | **പ്രധാന ബൈബിൾ വാക്യങ്ങൾ** | |
| 1 | **"ചോദിക്കുവിൻ, നിങ്ങൾക്കു ലഭിക്കും, അന്വേഷിക്കുവിൻ, നിങ്ങൾ കണ്ടെത്തും, മുട്ടുവിൻ, നിങ്ങൾക്കു തുറന്നുകിട്ടും" — ലൂക്കാ 11:10** | |
| 2 | **തന്റെ പിതാവിനോടു ചോദിക്കുന്നവർക്കു അവിടുന്ന് എത്രയോ അധികമായി തന്റെ പരിശുദ്ധാത്മാവിനെ നൽകും (ലൂക്കാ 11:13)** | |
| | | |
| | പ്രാർത്ഥന | ദൈവവുമായുള്ള സ്നേഹസംഭാഷണം. |
| | ആരാധന | ദൈവത്തോടുള്ള പരമമായ ആദരവ്. |
| | സ്തുതി | ദൈവത്തെ മഹത്വപ്പെടുത്തൽ. |
| | കൃതജ്ഞത | ദൈവത്തോട് നന്ദി പറയൽ. |
| | യാചന | ആവശ്യങ്ങളും അനുഗ്രഹങ്ങളും ദൈവത്തോട് ചോദിക്കൽ. |
| | മാധ്യസ്ഥ്യം | മറ്റുള്ളവർക്കുവേണ്ടി ദൈവസന്നിധിയിൽ പ്രാർത്ഥിക്കൽ. |
| | | |